# സൂഫിസം

ഗ്രന്ഥകർത്താവ്: കെ.പി. മുഹമ്മദ് ബിൻ അഹ്മദ് رحمه الله
ഗ്രന്ഥം: സൂഫിസം

സൂഫിവര്യൻ, സൂഫിസം എന്നീ പദങ്ങൾ സമൂഹത്തിൽ ഇന്ന് സമുന്നതാമയ സ്ഥാനം കൈവരിച്ചിട്ടുണ്ട്. സൂഫി എന്നു കേൾക്കുമ്പോൾ ബഹുമാനവും സ്നേഹവും സംജാതമാവുന്നു. സൂഫിവര്യനെ ഒന്നു കാണുക, സ്പർശിക്കുക, കൈമുത്തുക, കൂടെ കഴിയുക, പ്രാർത്ഥനയിൽ സംബന്ധിക്കുക തുടങ്ങിയ കാര്യങ്ങൾ പുണ്യവും ജീവിതസൗഭാഗ്യവുമായി ഗണിക്കപ്പെടുന്നു. ഭൗതികവും പാരത്രികവുമായ ജീവിത വിജയങ്ങൾ, ആഗ്രഹസഫലീകരണം, പാപമോചനം, ദൈവസാമീപ്യം തുടങ്ങി എണ്ണമറ്റ നേട്ടങ്ങളുടെ കേന്ദ്ര ബിന്ദുവായാണ് സൂഫിദർശനത്തെ ആളുകൾ കാണുന്നത്. മരണശേഷം ഈ എല്ലാ അത്ഭുത സിദ്ധികളും അദ്ദേഹത്തിൻെറ ഭൗതികജഡം മറവു ചെയ്യപ്പെട്ട മക്ബ്ബറകൾക്കും കൈവരുമെന്നാണ് ബഹുജന വിശ്വാസം. അങ്ങനെ സൂഫിസത്തിൽ നിന്നു ജാറങ്ങളും ദർഗകളും ഉത്ഭവിച്ചു. നബി(ﷺ)യുടെയോ സ്വഹാബത്തിൻെറയോ താബിഉകളുടെയോ കാലങ്ങളിൽ ജാറങ്ങളും ദർഗകളും കെട്ടിപ്പടുക്കുന്ന പതിവുണ്ടായിരുന്നില്ല. എന്നല്ല, കെട്ടിപ്പൊക്കിയ ജാറങ്ങളും മക്ബ്ബറകളും തല്ലിപ്പൊളിച്ചു സമനിരപ്പാക്കാനായിരുന്നു നബി(ﷺ) കൽപിച്ചിരുന്നതും സ്വഹാബത്തും താബിഉകളും ചെയ്തിരുന്നതും.

പരിശുദ്ധ ക്വുർആനിലോ നബിവചനങ്ങളിലോ സൂഫിസം എന്നൊരു പദം തന്നെ പ്രയോഗിക്കപ്പെട്ടിട്ടില്ല. الصوفى ، التصوف المتصوف ، الصوفية എന്നിങ്ങളെ സൂഫിസവുമായി ബന്ധപ്പെട്ട പ്രയോഗങ്ങൾ സ്വഹാബത്തിനിടയിലും പ്രയോഗിക്കപ്പെട്ടു കാണുന്നില്ല. അതുകൊണ്ട്, സൂഫിസമെന്ന പദവും അതു പ്രതിനിധീകരിക്കുന്ന ആശയവും പ്രസ്ഥാനവും എല്ലാംതന്നെ പിൽക്കാലത്തുണ്ടായിത്തീർന്നതാണെന്ന് മനസ്സിലാക്കാൻ കഴിയുന്നു. രണ്ടാം നൂറ്റാണ്ടിൻെറ അന്ത്യത്തിലും (താബിഉകളുടെ കാലത്ത്) മൂന്നാം നൂറ്റാണ്ടിൽ പരക്കെയും ചിലരുടെ പ്രയോഗങ്ങളിൽ പ്രസ്തുത പദം ജൻമം കൊള്ളുകയും അനന്തര നൂറ്റാണ്ടുകളിൽ അതിന് പ്രചാരം സിദ്ധിക്കുകയും ചെയ്തുവെന്നാണ് പണ്ഡിതാഭിപ്രായം.

താബിഉകളിൽപ്പെട്ട 'ഹസനുൽ ബസ്വരി' (മരണം ഹി:110-ൽ) പ്രസിദ്ധനും ശ്രേഷ്ഠനും ഭക്തനുമായ ഒരു പണ്ഡിതനായിരുന്നു. ഉമർ (رضي الله عنه)ൻെറ ഭരണകാലത്ത് മദീനയിലായിരുന്നു ജനനം. പക്ഷേ, ഉഥ്മാൻ(رضي الله عنه)ൻെറ വധത്തിനു ശേഷം, അദ്ദേഹം 'ബസ്വറ'യിൽ താമസമാക്കി. മതപാണ്ഡിത്യം, ആരാധന, ഭൗതികസുഖങ്ങളിലുള്ള വിരക്തി (الزهد) സൂക്ഷ്മത (الورع) എന്നീ കാര്യങ്ങളിൽ പ്രസിദ്ധനായിരുന്നു അദ്ദേഹം. താബിഉകളിലും, താബിഉത്താബിഉകളിലും പെട്ട ധാരാളം പേർ അദ്ദേഹത്തിൻെറ ശിഷ്യൻമാരായും ഉണ്ടായിരുന്നു.

അവരെല്ലാംതന്നെ ഗുരുനാഥനെ പിൻപറ്റി കൂടുതൽ ഭക്തൻമാരും ആരാധനാ തൽപരരുമായി. അങ്ങനെ മറ്റു മുസ്ലിം നാടുകളെ അപേക്ഷിച്ച് 'ബസ്വറ'യിൽ പൊതുവെ ഭൗതിക കാര്യങ്ങളിലുള്ള വിരക്തിയും ദൈവഭയവും ആരാധനകളും കൂടുതൽ പ്രചരിക്കുകയും ക്രമേണ അതു അതിരുകവിഞ്ഞു തുടങ്ങുകയും ചെയ്തു. ഏതുകാര്യവും അതിരുകവിയുമ്പോൾ നാശകരമായിത്തീരുമല്ലോ!

നല്ല കാര്യങ്ങളോടുള്ള മനുഷ്യൻെറ ആവേശവും ആഭിമുഖ്യവും അതിരുകടത്തി, അവസാനം അവനെ വഴികേടിലെത്തിക്കുക എന്നതും പിശാചിൻെറ ഒരു പ്രവർത്തനതന്ത്രമാണ്. സ്രഷ്ടവും സംരക്ഷകനുമായ ഏകദൈവത്തെ വണങ്ങുകയെന്ന മനുഷ്യൻെറ നൈസർഗികമായ ആരാധനാഭാവത്തെ അതിരുകടത്തി, ബഹുദൈവങ്ങളെ ആരാധിക്കുന്നതിലും മധ്യവർത്തികളെ സങ്കൽപിക്കുന്നതിലും, അനന്തരം അവയെ പ്രാർത്ഥിക്കുന്നതിലും, അവർക്ക് നേർച്ചകളും വഴിപാടുകളും നടത്തുന്നതിലേക്കുമൊക്കെ മനുഷ്യനെ പിശാച് വലിച്ചുകൊണ്ട് പോകുന്നു. ഇതാണ് യഥാർത്ഥത്തിൽ എല്ലാ പ്രവാചകൻമാരുടെയും അവരുടെ ശത്രുക്കളുടെയും ചരിത്രം. അഥവാ, ഇസ്‌ലാമിൻെറ തന്നെ ചരിത്രവും. അതുപോലെ, ലൈംഗികബന്ധം വിവാഹത്തിൻെറ വരുതിയിൽ ഒതുക്കിനിർത്താൻ മനുഷ്യൻെറ ജന്മവാസന താൽപര്യപ്പെടുന്നു. സ്ത്രീപുരുഷ ബന്ധത്തിലെ അനിയന്ത്രിതാവസ്ഥ മനുഷ്യ മനസ്സാക്ഷി അങ്ങേയറ്റം വെറുക്കുകയും ചെയ്യുന്നു. എന്നിട്ടും ഈ ജൻമവാസനയെ വഴിതെറ്റിച്ചു മനുഷ്യനെ പിശാച് വ്യഭിചാരവൃത്തിയിലേക്ക് നയിക്കുന്നു. മനുഷ്യൻെറ നൈസർഗ്ഗികമായ സ്വഭാവഗുണങ്ങൾ വഴികേടിലേക്ക് തിരിയുന്നതിനും രണ്ടുദാഹരണങ്ങളാണിവ.

മനുഷ്യൻെറ ഐഹികവും പാരത്രികവുമായ ജീവിത ദശകളിൽ സൗഖ്യവും സൗഭാഗ്യവും വരിക്കാനുപയുക്തമായ നിയമങ്ങളും നിർദേശങ്ങളും സർവ്വജ്ഞനും കരുണാനിധിയുമായ അല്ലാഹു അവൻെറ ദൂതൻമാർ വഴി മനുഷ്യരുടെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. അതിൽ വല്ലതും കൂട്ടിച്ചേർക്കുന്നതും വെട്ടിക്കുറക്കുന്നതും ആപൽക്കരവും ആത്മനാശത്തിന് ഹേതുകവുമാണ്. സ്വർഗം നേടുവാനും നരകശിക്ഷയിൽനിന്നു രക്ഷപ്പെടാനുമാവശ്യമായ എല്ലാ കാര്യങ്ങളും ആരാധനാ മുറകളും അല്ലാഹുവിൻെറ കൽപനപ്രകാരം നബി(ﷺ) കാണിച്ചുതരികയും ചെയ്തിരിക്കുന്നു. പക്ഷേ, കൂടുതൽ പുണ്യം നേടാനുള്ള മനുഷ്യൻെറ ആഗ്രഹം ചൂഷണം ചെയ്ത് പിശാച് പല പുത്തൻ വിശ്വാസങ്ങളിലേക്കും ആരാധനാമുറകളിലേക്കും മനുഷ്യനെ തിരിച്ചുവിട്ടു. പുണ്യകർമ്മങ്ങളും നല്ല കാര്യങ്ങളുമാണെന്ന ധാരണയിൽ മനുഷ്യൻ ഭക്തിബഹുമാനപുരസ്സ:രം അവ ആചരിക്കുകയും ചെയ്യുന്നു. ശരീരത്തിനു കൂടതുൽ ക്ലേശങ്ങൾ ഏൽപിക്കൽ, ഭൗതികസുഖങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കൽ, സൗന്ദര്യമുപേക്ഷിക്കൽ, രുചികരമായ ആഹാരസാധനങ്ങൾ വർജ്ജിക്കൽ, സൗകര്യമുള്ള പാർപ്പിടങ്ങളിൽ നിന്നു അകന്നുനിൽക്കൽ തുടങ്ങിയ കാര്യങ്ങൾ പുണ്യകരങ്ങളാണെന്ന് പിശാച് മനുഷ്യന് ദുർബോധനം ചെയ്യുന്നു. പിശാചിൻെറ ഈ തന്ത്രം നബി(ﷺ)ൻെറ കാലത്തുതന്നെ ചിലരിൽ ഫലിച്ചിരിക്കുന്നുവെന്ന് കാണുന്നു.

عن أنس بن مالك - رضى الله عنه - يقُولُ جاءَ ثَلاَثَةُ رهط إِلَى أزواجِ النبِى - صلى الله عليه وسلم - يسأَلُونَ عن عبادة النبِى - صلى الله عليه وسلم - فَلَما أُخبِروا كَأَنهم تقَالوها فَقَالُوا وأين نحن من النبِى - صلى الله عليه وسلم - قَد غُفر لَه ما تقَدم من ذَنبِه وما تأَخر . قَالَ أَحدهم أَما أَنا فَأُصلى الليلَ أَبدا . وقَالَ آخر أَنا أَصوم النهار ابدا ولاَ أُفْطر . وقَالَ آخر أَنا أَعتزِلُ النساءَ فَلاَ أَتزوج أَبدا . فَجاءَ النبي - صلى الله عليه وسلم – اليهم فَقَالَ « أَنتم الذين قُلْتم كَذَا وكَذَا أَما والله إِنى لأَخشاكُم لله وأَتقَاكُم لَه ، لَكنى أَصوم وأُفْطر ، وأُصلى وأَرقُد وأَتزوج النساءَ ، فَمن رغب عن سنتى فَلَيس منى (البخاري ، مسلم).

“അനസ്(رضي الله عنه)വിൽനിന്ന് നിവേദനം: നബി(ﷺ)യുടെ ആരാധനകളെക്കുറിച്ചന്വേഷിച്ചുകൊണ്ട് മൂന്നുപേർ അവിടുത്തെ ഭാര്യമാരെ സമീപിക്കുകയുണ്ടായി. അതു വിവരിച്ചുകേട്ടപ്പോൾ അവർക്കത് വളരെ കുറഞ്ഞു പോയെന്നു തോന്നി. അവർ പറഞ്ഞു: കഴിഞ്ഞതും വരാനിരിക്കുന്നതുമായ എല്ലാ പാപങ്ങളും പൊറുക്കപ്പെട്ടവരാണ് പ്രവാചകൻ. അതുകൊണ്ട് പ്രവാചകനുമായി നമ്മെ തുലനം ചെയ്യാവതല്ല. തുടർന്ന് അവരിലൊരാൾ പറഞ്ഞു: എല്ലാ രാത്രികളിലും മുഴുവൻ ഞാൻ സുന്നത്തു നമസ്കരിക്കും. മറ്റൊരാൾ പറഞ്ഞു: ഞാൻ എല്ലാ പകലുകളിലും നോമ്പനുഷ്ടിക്കും. മൂന്നാമൻ പറഞ്ഞു: ഞാൻ സ്ത്രീകളിൽനിന്നു അകന്നുകഴിയും,

ഒരിക്കലും വിവാഹം കഴിക്കുകയില്ല. ഈ സന്ദർഭത്തിൽ നബി(ﷺ) അവരുടെ അരികിലേക്ക് വന്നു. ഇന്നിന്ന കാര്യങ്ങളൊക്കെ പറഞ്ഞത് നിങ്ങളാണോ എന്നു ചോദിച്ചുകൊണ്ട് അവിടുന്നു പറഞ്ഞു: എന്നാൽ, നിങ്ങൾ മനസ്സിലാക്കണം- അല്ലാഹുവാണ സത്യം, നിങ്ങളേക്കാൾ അധികം അല്ലാഹുവിനെ ഭയപ്പെടുന്നതും അവനോട് സൂക്ഷ്മത പുലർത്തുന്നതും ഞാനാണ്. അതേ അവസരം ഞാൻ ഞാൻ നോമ്പനുഷ്ഠിക്കുകയും അനുഷ്ഠിക്കാതിരിക്കുകയും ചെയ്യുന്നു. സ്ത്രീകളെ വിവാഹം കഴിക്കുന്നു. ആരെങ്കിലും എൻെറ ഈ ചര്യ മറികടന്നു മറ്റു വല്ല ചര്യയും ആഗ്രഹിക്കുകയാണെങ്കിൽ അവൻ എൻെറ കൂട്ടത്തിൽ പെട്ടവനല്ല." (ബുഖാരി, മുസ്‌ലിം)

കൂടുതൽ പുണ്യം ലഭിക്കുവാൻ വേണ്ടി മതത്തിൽ വല്ലതും കൂട്ടിച്ചേർക്കുന്നതിൻെറ ഗൗരവം ഈ സംഭവത്തിൽനിന്ന് ഗ്രഹിക്കാമല്ലോ. ഇതിനാണ് ബിദ്അത്തുകൾ, അനാചാരങ്ങൾ എന്നൊക്കെ പറയുന്നത്. ഇവിടെ, നന്മ ഉദ്ദേശിച്ചു തിന്മയിലേക്കുണ്ടായ നീക്കത്തെ നബി(ﷺ) മുളയിൽ തന്നെ പിഴുതെറിയുകയാണുണ്ടായത്.

മഹാനായ ഹസൻ ബസ്വരീ(رحمه الله)യുടെ നേരിട്ടുള്ള ശിക്ഷണത്തിൽ വളർന്ന നല്ലവരായ ശിഷ്യൻമാർക്കു ശേഷം പിൻഗാമികളിൽ പിശാച് സൃഷ്ടിച്ചെടുത്ത ബിദ്അത്തുകളാണ് പിൽക്കാലത്ത് സൂഫിസമായി രൂപാന്തരപ്പെട്ടത്. പ്രവാചകൻമാരുടെ അനുയായികൾ പോലും, അഥവാ അവരുടെ പിൻതലമുറകൾ സൻമാർഗത്തിൽ നിന്നു വ്യതിചലിക്കാനിടയായിട്ടുണ്ടെന്നാണല്ലോ പരിശുദ്ധ ക്വുർആനും ഹദീഥും ഇസ്‌ലാമിക ചരിത്രവും പഠിപ്പിക്കുന്നത്.

فخلف من بعدهم خلف أضاعوا الصلاة واتبعوا الشهوات ۖ فسوف يلقون غيا ٥٩

"പ്രവാചകൻമാർക്കു ശേഷം വന്ന പിൻതലമുറകൾ നമസ്കാരം പാഴാക്കുകയും ദേഹേഛകൾ പിൻപറ്റുകയും ചെയ്തു. തന്നിമിത്തം അവർ നരകശിക്ഷ അനുഭവിക്കേണ്ടിയും വരും." (19:59). പ്രവാചകൻമാരുടെ പോലും പിൻതലമുറകളുടെ സ്ഥിതി ഇതാണെങ്കിൽ ഹസൻ ബസ്വരീ(رحمه الله)യുടെ പിൻഗാമികൾ ബിദ്അത്തുകളിൽപ്പെട്ട് വഴി തെറ്റിയതിൽ അത്ഭുതപ്പെടാനില്ലല്ലോ.

എന്നാൽ മഹാനായ ഹസൻ ബസ്വരി(رحمه الله)യോ അനുയായികളോ സൂഫികളെന്ന പേരിൽ അറിയപ്പെട്ടിരുന്നില്ല. പ്രത്യേകതരം വേഷഭൂഷകളോ, ധ്യാനമുറകളോ, ആരാധനാക്രമങ്ങളോ അവർക്കുണ്ടായിരുന്നില്ല. ഭൗതികകാര്യങ്ങളിൽ അമിതമായ താൽപര്യം പുലർത്താതെ സുഖാഡംബരങ്ങളിൽ വിരക്തി പ്രകടിപ്പിക്കുകയെന്ന അർത്ഥത്തിൽ മാത്രമായിരുന്നു അവർ പാലിച്ച സുഹ്ദ്. അനന്തരകാലങ്ങളിൽ സുഹ്ദിന്നു ശക്തിയും വ്യാപ്തിയും കൂടുകയും എല്ലാം കയ്യൊഴിഞ്ഞ് പള്ളികളിലും മഠങ്ങളിലും മാത്രം കഴിഞ്ഞുകൂടുകയും ചെയ്യുന്ന ജീവിത വിരക്തിയിലേക്ക് "സുഹ്ദ്" വളർന്നു. കൃഷിയും കച്ചവടവും മറ്റെല്ലാ തൊഴിലുകളും വലിച്ചെറിഞ്ഞ് അന്യരുടെ ദാനധർമ്മങ്ങളെ മാത്രം ആശ്രയിച്ച് കഴിയുന്ന അവസ്ഥയിലേക്ക് നീങ്ങി. ഈ പശ്ചാത്തലത്തിൽ നന്മയുടെ പേരിലുള്ള തെറ്റായ ഈ നീക്കത്തെ വിമർശിച്ചും ജോലി ചെയ്തു ജീവിക്കേണ്ടതിൻെറ ആവശ്യകത വിവരിച്ചും പല പണ്ഡിതൻമാരും ഗ്രന്ഥങ്ങൾ തന്നെ രചിച്ചു. "ശൈഖ് മുഹമ്മദുബ്നു ഹസ്സനിശ്ശൈബാനി (132-189) യുടെ كتاب الكسب എന്ന ഗ്രന്ഥം ഇതിനൊരുദാഹരണമാണ്.

يقال من دوافع تصنيف هذا الكتاب - كتاب الكسب – الرّدعلى حركة الزهد الاعجمى الذى نشطت فى القرن الثانى للهجرة. (دعوة الحق رجب 1405)

"ഹിജ്റ രണ്ടാം നൂറ്റാണ്ടിൽ ആവേശംകൊണ്ട അനറബീ സുഹ്ദ് പ്രസ്ഥാനത്തെ ഖണ്ഡിക്കുവാൻ വേണ്ടിയാണ് كتاب الكسب (സമ്പാദ്യത്തിൻെറ ആവശ്യകത വിവരിക്കുന്ന ഗ്രന്ഥം) രചിക്കപ്പെട്ടത് എന്ന് പ്രസ്താവിക്കപ്പെടുന്നു."

ഏതായാലും ജീവിതവൈരാഗ്യത്തിൽ നിന്നും വിരക്തിയിൽ നിന്നുമാണ് സൂഫിസം ഉടലെടുത്തതെന്ന് മനസിലാക്കാം. ഇന്ത്യ, പേർഷ്യ, ഗ്രീക്ക് തുടങ്ങിയ അനറബി നാടുകളിലെ

തത്വചിന്തകളും ജീവതി ദർശനങ്ങളും അറബിഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്തതിലൂടെ സൂഫിസം ഒരു പ്രസ്ഥാനമെന്ന നിലക്ക് മുസ്‌ലിംകൾക്കിടയിലും കടന്നുകൂടി. മറ്റൊരു നിലക്ക് പറഞ്ഞാൽ, സൂഫിസത്തിൻെറ ജന്മം ഇസ്‌ലാമിക 'സുഹ്ദി'ൽ നിന്നായിരുന്നില്ല. ഇന്ത്യ, പേർഷ്യാ, ഗ്രീക്ക് തുടങ്ങിയ അമുസ്‌ലിം നാടുകളിൽ അറിയപ്പെടുന്ന 'സന്യാസ'ത്തിൽ നിന്നായിരുന്നു.

ഹസൻ ബസ്വരിയുടെ ശിഷ്യൻ അബ്ദുൽവാഹിദ്ബ്നു സൈദിൻെറ അനുയായികളിലൊരാൾ ബസ്വറയിൽ 'സൂഫീമഠം' സ്ഥാപിച്ചു. അതോടെ സൂഫിസത്തിനു മേൽവിലാസവും കേന്ദ്രവും ഉണ്ടായി. തുടർന്ന്, പ്രസ്തുത മഠത്തിൻെറ അന്തേവാസികളിലൂടെ സൂഫിസം ആദ്യം ബസ്വറയിലും ക്രമേണ മറ്റു മുസ്‌ലിം നാടുകളിലും പ്രചരിച്ചുതുടങ്ങി. പല ആരാധനാമുറകളും ബസ്വറയിൽ നിലവിൽ വന്നു. അതേ അവസരം 'കൂഫ'യിൽ വിവിധതരം വിജ്ഞാന ശാഖകളും വളർന്നു. അതുകൊണ്ടാണ് عبادة بصرية (ബസറയിലെ ആരാധനകൾ) എന്നും فقه كوفى (കൂഫയിലെ വിജ്ഞാനം) എന്നുമുള്ള പ്രയോഗം ഉടലെടുത്തത്.

ബൽഖയിലെ രാജകുമാരനായി അറിയപ്പെട്ടിരുന്ന ഇബ്റാഹീമുബ്നു അദ്ഹം, പൂർണ്ണമായ ജീവിത വിരക്തിയാണ് 'സുഹ്ദെ'ന്നും, അതു പ്രതിഫലാർഹമായ ഇസ്‌ലാമിക സുഹ്ദാണെന്നും വിശ്വസിച്ചിരുന്നുവെന്നു അദ്ദേഹത്തെക്കുറിച്ച് സൂഫികൾക്കിടയിൽ പ്രചാരത്തിലുള്ള പല കഥകളിൽനിന്നും മനസ്സിലാകുന്നു. അദ്ദേഹത്തിൻെറ സൂഫീയാത്രയുടെ തുടക്കത്തിൽ 'അസ്‌ലമുബ്നു യസീദിൽ ജുഹ്നീ'യുമായി ഇസ്കന്തരിയ്യായിൽ വെച്ചു നടന്ന സംഭാഷണ സംഭവം ഇതിനൊരുദാഹരണമാണ്. ഇബ്റാഹീമുബ്നു അദ്ഹം അതിങ്ങനെ വിവരിക്കുന്നു.

അസ്‌ലമുബ്നു യസീദ് എന്നോട് ചോദിച്ചു: ഹേ, ചെറുപ്പക്കാരാ, താങ്കൾ ആരാണ് ?

ഞാൻ പറഞ്ഞു: ഖുറാസാൻ ദേശക്കാരിലെ ഒരു യുവാവാകുന്നു.

അസ്‌ലം: ആവട്ടെ, ഭൗതിക ജീവിതത്തിൽനിന്നു പുറത്തുപോകാൻ നിന്നെ പ്രേരിപ്പിച്ചതെന്താണ് ?

ഞാൻ: ഭൗതിക ജീവിതത്തോടുള്ള വിരക്തിയും അല്ലാഹുവിൽനിന്നുള്ള പ്രതിഫലത്തോടുള്ള മോഹവും.

(فقال لى من أنت ، قلت شابّ من اهل خراسان . قال وما حملك على الخروج من الدّنيا ؟ زهدا فيها ورجاء لثواب الله تعالى).

ഇതിൽനിന്ന് ഭൗതിക സുഖസൗകര്യങ്ങളെല്ലാം ഉപേക്ഷിച്ചുകൊണ്ടുള്ള ജീവിത വിരക്തിയാണ് സൂഫീസംകൊണ്ടുദ്ദേശിക്കപ്പെടുന്നതെന്നു മനസ്സിലാക്കാം. എന്നാൽ, ഇതു 'സുഹ്ദാ'ണെങ്കിലും സൂഫിസമാണെങ്കിലും ഇസ്‌ലാമല്ല എന്നു വ്യക്താണ്.